പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4891 — 27.6.2014 ൽ മറുപടിയ്ക്ക്

കുട്ടികളിലെ വൈകല്യം തടയാൻ പ്രതിരോധപദ്ധതി

ചോദ്യം — മറുപടി

ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.വർക്കല കഹാർ
ശ്രീ.റ്റി.എൻ.പ്രതാപൻ
ശ്രീ.കെ.ശിവദാസൻ നായർ

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) കുട്ടികളിൽ വൈകല്യം ഉണ്ടാകുന്നത് തടയുന്നതിന് സാമൂഹ്യനീതി വകുപ്പ് പ്രതിരോധ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;<br>(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) &(ബി). ഉണ്ട്. വൈകല്യമേഖലയിൽ സർക്കാർ പ്രത്യേക താൽപര്യം എടുത്ത് സാമൂഹ്യനീതിവകുപ്പിലൂടെ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br>1. വൈകല്യ പ്രതിരോധം<br>2. നേരത്തെ കണ്ടുപിടിക്കൽ<br>3. പ്രാരംഭ ഇടപെടൽ<br>4. വിദ്യാഭ്യാസം<br>5. പരിശീലനം<br>6. തൊഴിൽ |
| (സി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ; | (സി) സാമൂഹ്യനീതി വകുപ്പിനെ കൂടാതെ ആരോഗ്യ വകുപ്പും, വിദ്യാഭ്യാസ വകുപ്പും ഈ പദ്ധതികളിൽ സഹകരിക്കുന്നു. |
| (ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) പദ്ധതിയിൻ കീഴിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>1. എം.എം.ആർ വാക്സിനേഷൻ-സർക്കാർ പ്രസവാശുപത്രികളിൽ ജനുവരി 2014 മുതൽ സൌജന്യമായി എം.എം.ആർ വാക്സിനേഷൻ കുട്ടികൾക്ക് നൽകി വരുന്നു.<br>2. റൂബെല്ലാ വാക്സിനേഷൻ-ഫെബ്രുവരി 2014 ൽ കേരളത്തിലെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 9-12 വരെയുള്ള ക്ലാസുകളിൽ പഠിച്ചിരുന്ന കൌമാരപ്രായക്കാരായ 2,05,000 പെൺകുട്ടികൾക്ക് റൂബെല്ലാ വാക്സിനേഷൻ നൽകിയിട്ടുണ്ട്. 2014-15 വർഷത്തിൽ സർക്കാർ എയ്ഡഡ് സി.ബി.എസ്.ഇ & ഐ.സി.എസ്.ഇ സ്കൂളിൽ പഠിക്കുന്ന 8 & 9 ക്ലാസുകളിലെ പെൺകുട്ടികൾക്ക് റൂബെല്ലാ വാക്സിനേഷൻ നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

3. കുട്ടികളുടെ വൈകല്യവും വളർച്ചയുടെ വിവിധ ഘട്ടങ്ങളിലെ കാലതാമസവും കണ്ടെത്തുന്നതിനായി എല്ലാ ജില്ലകളിലും ഓരോ പ്രാരംഭ ഇടപെടൽ കേന്ദ്രം(DEIC) സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ കീഴിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതിന്റെ ഭാഗമായി 14 ജില്ലകളിലും സ്ഥലം കണ്ടെത്തിയിട്ടുണ്ട്. നിർമ്മാണത്തിനായുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു. ആരോഗ്യ വകുപ്പിൻ കീഴിലുള്ള സ്ഥലങ്ങളിൽ DEIC കളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

4. ആരോഗ്യ വകുപ്പ് ഡയറക്ടർ നൽകിയ പട്ടിക പ്രകാരം 40 ഗവ.പ്രസവാശുപത്രികളിൽ കുട്ടികളുടെ ജന്മനായുള്ള കേൾവി തകരാർ കണ്ടുപിടിക്കുന്നതിനായി Oto Acoustic Emission Screeners എന്ന ഉപകരണം വാങ്ങി നൽകിയിട്ടുണ്ട്. ഇവയുടെ മേൽനോട്ടത്തിനായി ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

സെക്ഷൻ ഓഫീസർ